# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.955** — **25.01.2018 ലെ മറുപടി**

**കരാക്കാട് ത്രങ്ങാലി പാട ശേഖരങ്ങളിലെ ജലസേചനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ .പി:** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | താളം തെറ്റിയ കാല വർഷം നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിലെ കരാക്കാട്, ഷോർണൂർ മണ്ഡലത്തിലെ ത്രങ്ങാലി എന്നീ പാട ശേഖരങ്ങളിലെ 150 ഏക്കർ നെൽകൃഷി ജലസേചന പദ്ധതിയുടെ കാര്യക്ഷമതയുടെ കുറവിനാൽ ഉണങ്ങി നശിക്കാൻ ഇടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ശാശ്വത പരിഹാരം കൃഷി വകുപ്പുമായി ഏകോപിപ്പിച്ച് സ്വീകരിക്കുമോ? | (ബി) | പട്ടാമ്പി മണ്ഡലത്തിലെ കരക്കാട് പാടശേഖരത്തിൽ കണ്ണംമ്പാറ എൽ.ഐ. സ്കീമിൽ നിന്നും ഷൊർണ്ണൂർ മണ്ഡലത്തിലെ ത്രാങ്ങാലി പാടശേഖരത്തിൽ ത്രാങ്ങാലി എൽ.ഐ സ്കീമിൽ നിന്നും നിലവിൽ പമ്പിംഗ് നടത്തുന്നുണ്ട്. കനാലുകളുടെയും മോട്ടോറുകളുടെയും കാലപ്പഴക്കം മൂലമാണ് പമ്പിംഗ് നടത്തിയാലും വെള്ളം പൂർണ്ണമായി പാടശേഖരങ്ങളിലേക്ക് എത്താത്തത്. എൽ.ഐ സ്കീമുകളുടെ അറ്റകുറ്റ പണികൾ നടത്തിയും കൃഷി വകുപ്പുമായി ഏകോപിപ്പിച്ചും പൂർണ്ണമായ ഗുണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Reeus

**സെക്ഷൻ ഓഫീസർ**